പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ്
കൺസർവേറ്റർ
(ഫോറസ്റ്റ് മാനേജ്മെന്റ്)

ഫോറസ്റ്റ്ഹെഡ്ക്വാർട്ടേഴ്സ്,
വഴുതയ്ക്കാട്,
തിരുവനന്തപുരം -695 014.
*Email:pccf-flr.for@.kerala.gov.in*
*Phone:0471-2327804*

റ്റപ്രാ(8)-5579/23 തീയതി :15.05.2024

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
ഹൈറേഞ്ച് സർക്കിൾ, കോട്ടയം.

ജില്ലാ കളക്ടർ
ഇടുക്കി.

സർ,

വിഷയം:- മൂന്നാർ ഡിവിഷനിൽ പരിഹാര വനവൽക്കരണത്തിന് ലഭിച്ച ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിൽ ചിന്നക്കനാൽ വില്ലേജിൽ സർവ്വേ നം.20/1 ലെ 1.5 ഹെക്ടർ ഭൂമി ആനയിറങ്കൽ റിസർവ്വ് എന്ന പേരിൽ 1961 ലെ കേരള വന നിയമം സെക്ഷൻ 4 പ്രകാരം റിസർവ്വ് വനമായി പ്രഖ്യാപിച്ച് പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ പകർപ്പ് അയക്കുന്നത് - സംബന്ധിച്ച്.

സൂചന:- സർക്കാർ ഉത്തരവ് നം. 04/2024-വനം തീയതി 27.02.2024 (എസ്. ആർ.ഒ നം. 321/24).

മേൽ വിഷയത്തിലേയ്ക്കും സൂചനയിലേയ്ക്കും താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. മൂന്നാർ ഡിവിഷനിൽ പരിഹാര വനവൽക്കരണത്തിന് ലഭിച്ച ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിൽ ചിന്നക്കനാൽ വില്ലേജിൽ സർവ്വേ നം.20/1 ലെ 1.5 ഹെക്ടർ ഭൂമി ആനയിറങ്കൽ റിസർവ്വ് എന്ന പേരിൽ 1961 ലെ കേരള വന നിയമം സെക്ഷൻ 4 പ്രകാരം റിസർവ്വ് വനമായി പ്രഖ്യാപിച്ച് പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ പകർപ്പ് അറിവിനായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പ്രസ്തുത 1.5 ഹെക്ടർ സ്ഥലം റിസർവ്വ് വനമായി അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള തുടർ നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ഉള്ളടക്കം : മേൽപ്പറഞ്ഞവ

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ,
(ഫോറസ്റ്റ് മാനേജ്മെന്റ്)-നുവേണ്ടി

പകർപ്പ് :
1) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മൂന്നാറിന് അറിവിനായി നൽകുന്നു.
2) ദേവികുളം സബ്കളക്ടർക്ക് അനന്തരനടപടികൾക്കായി നൽകുന്നു.
3) ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.റ്റി) ക്ക് വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിലേക്കായി നൽകുന്നു.

1/6158023/2024

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

വനം വന്യ ജീവി (സി) വകുപ്പ്

നമ്പർ.FWLD-C2/148/2022-FWLD

12-04-2024,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി,
കേരള നിയമസഭ സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം

സർ,

വിഷയം:- വനം വന്യ ജീവി വകുപ്പ് - മൂന്നാർ ഡിവിഷനിൽ പരിഹാര വനവൽക്കരണത്തിന് ലഭിച്ച ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിൽ ചിന്നക്കനാൽ വില്ലേജിൽ സർവ്വേ നം. 20/1 ലെ 1.5 ഹെക്ടർ ഭൂമി - "ആനയിറങ്കൽ റിസർവ്വ്" എന്ന പേരിൽ 1961 - ലെ കേരള വന നിയമം സെക്ഷൻ 4 പ്രകാരം റിസർവ്വ് വനമായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുന്നത് - സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി സമർപ്പിക്കുന്നത് -സംബന്ധിച്ച്.

സൂചന:- 26/03/2024 തീയതിയിലെ എസ്.ആർ.ഒ. നമ്പർ 321/2024 വിജ്ഞാപനം (27/02/2024 തീയതിയിലെ ജി.ഒ. (പി) നം.04/2024/വനം)

സൂചന വിജ്ഞാപനത്തിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുന്നതിനും അനന്തര നടപടികൾക്കുമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

ഷാജൻ.എ
അഡിഷണൽ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

പകർപ്പ് :-
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്,തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ( ഫോറസ്റ്റ് മാനേജ് മെന്റ്) തിരുവനന്തപുരം.
(വിജ്ഞാപനത്തിന്റെ പകർപ്പ് അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു)

©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 13<br>Vol. XIII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2024 മാർച്ച് 26<br>26th March 2024<br>1199 മീനം 13<br>13th Meenam 1199<br>1946 ചൈത്രം 6<br>6th Chaithra 1946 | നമ്പർ<br>No. | 1145 |

**കേരള സർക്കാർ**

<u>വനം വന്യജീവി (സി) വകുപ്പ്</u>

വിജ്ഞാപനം

ജി.ഒ. (പി) നമ്പർ 04/2024/വനം — *തിരുവനന്തപുരം, 2024 ഫെബ്രുവരി 27*

**എസ്. ആർ. ഒ. നമ്പർ 321/2024** — *1199 കുംഭം 14 .*

1961 - ലെ കേരള വന ആക്റ്റിന്റെ (1962 - ലെ 4) 4-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കൊണ്ട് കേരള സർക്കാർ, ഇതിനാൽ,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(എ) താഴെ പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള അതിർത്തികൾക്കുള്ളിലുള്ള സ്ഥലം 'ആനയിറങ്കൽ റിസർവ്വ്' എന്ന പേരിൽ ഒരു റിസർവ്വ് വനമാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് പ്രഖ്യാപിക്കുകയും

(ബി) ഈ വിജ്ഞാപനത്തിന്റെ പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള അതിർത്തികൾക്കുള്ളിലുള്ള സ്ഥലത്തെ സംബന്ധിച്ച് അത്തരം അതിർത്തിക്കുള്ളിലുള്ള ഏതെങ്കിലും സ്ഥലത്തിലോ അഥവാ അപ്രകാരമുള്ള സ്ഥലത്തുള്ള ഏതെങ്കിലും വനവിഭവത്തിന്മേലോ ഏതെങ്കിലും ആൾക്കുണ്ടെന്ന് അവകാശപ്പെടുന്നതോ, പറയപ്പെടുന്നതോ ആയ ഏതെങ്കിലും അവകാശത്തിന്റെ നിലനിൽപ്പ്, സ്വഭാവം, വ്യാപ്തി എന്നിവയെക്കുറിച്ച് അന്വേഷിക്കുന്നതിനും, തീരുമാനമെടുക്കുന്നതിനും അത്, പ്രസ്തുത ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം കൈകാര്യം ചെയ്യുന്നതിനും വേണ്ടി ദേവികുളം സബ് കളക്ടറെ ഔദ്യോഗിക നിലയിൽ ഫോറസ്റ്റ് സെറ്റിൽമെന്റ് ഓഫീസറായി നിയമിക്കുകയും;

(സി) ഈ ആവശ്യത്തിലേക്കായി നിയമിക്കപ്പെട്ട ഫോറസ്റ്റ് സെറ്റിൽമെന്റ് ഓഫീസർ, പ്രസ്തുത ആക്റ്റിന്റെ II-ാം അദ്ധ്യായത്തിൻ കീഴിൽ നടത്തുന്ന ഏതൊരു അന്വേഷണത്തിലും സർക്കാരിനു വേണ്ടി ഹാജരാകുന്നതിന് മൂന്നാർ ഡിവിഷൻ ഫോറസ്റ്റ് ഓഫീസറെ, ഔദ്യോഗിക നിലയിൽ, നിയമിക്കുകയും ചെയ്യുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

കെ. ആർ.ജ്യോതിലാൽ,
*ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# പട്ടിക

| | | | |
|---|---|---|---|
| ജില്ല | | (1) | ഇടുക്കി |
| താലൂക്ക് | | (2) | ഉടുമ്പൻചോല |
| വില്ലേജ് | | (3) | ചിന്നക്കനാൽ |
| ഫോറസ്റ്റ് ഡിവിഷന്റെ പേര് | | (4) | മൂന്നാർ |
| ഫോറസ്റ്റ് റെയിഞ്ചിന്റെ പേര് | | (5) | ദേവികുളം |
| സർവ്വെ നമ്പർ | | (6) | പഴയ സർവ്വേ നമ്പർ 20/1 പാർട്ട് |
| റീസർവ്വെ നം | | (7) | 105 പാർട്ട് |
| ബ്ലോക്ക് നം. | | (8) | 8 |
| വിസ്തീർണ്ണം (ഹെകറിൽ) | | (9) | 1.5 |
| അതിരുകൾ | വടക്ക് | (10) | സർക്കാർ പുറമ്പോക്ക് ഭൂമി (തൊട്ടിയാർ പദ്ധതിക്ക് കെ. എസ്. ഇ.ബിക്ക് നൽകിയ വനഭൂമിയ്ക്ക് പകരം ശുപാർശ ചെയ്ത ഭൂമി ) |
| | കിഴക്ക് | (11) | സർക്കാർ പുറമ്പോക്ക് ഭൂമി |
| | തെക്ക് | (12) | സർക്കാർ പുറമ്പോക്ക് ഭൂമി (എൻ.പി. ഒ. എൽ പദ്ധതിക്ക് നൽകിയ വനഭൂമിയ്ക്ക് പകരം ശുപാർശ ചെയ്ത ഭൂമി) |
| | പടിഞ്ഞാറ് | (13) | സർക്കാർ പുറമ്പോക്ക് ഭൂമി |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്. )

വിജ്ഞാപനത്തിന്റെ പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ളതായ ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിൽ ചിന്നക്കനാൽ വില്ലേജിലെ സർവ്വെ നമ്പർ 20/1 – ൽ, മൂന്നാർ വനം ഡിവിഷന്റെ കീഴിലുള്ള ദേവികുളം ഫോറസ്റ്റ് റെയിഞ്ചിന്റെ അധികാര പരിധിയിൽ ഉൾപ്പെട്ട 1.5 ഹെക്ടർ ഭൂമി, ദേശീയപാത 85 മൂന്നാർ - ബോഡിമെട്ട് റോഡ് വികസനത്തിനായി കൈമാറിയ വനഭൂമിയ്ക്ക് പകരമായി , റവന്യൂ (എ) വകുപ്പിന്റെ 2022 മെയ് 13-ാം തീയതിയിലെ സ.ഉ (കൈ) നം. 128/2022/ആർ.ഡി പ്രകാരം പരിഹാര വനവൽക്കരണത്തിനായി വനം വകുപ്പിന് വിട്ടു നൽകിയ ഭൂമിയാണ്. 1980 -ലെ ഫോറസ്റ്റ് (കൺസർവേഷൻ) ആക്റ്റിന് (1980 ലെ 69-ാം കേന്ദ്ര ആക്റ്റ് ) കീഴിൽ പുറപ്പെടുവിച്ച നിലവിലെ മാർഗ്ഗ നിർദ്ദേശങ്ങളും വനം - വന്യജീവി (സി) വകുപ്പിന്റെ 2017 നവംബർ 6-ാം തീയതിയിലെ സ.ഉ.( സാധാ) നം. 421/2017/വനം എന്നതിലെ വ്യവസ്ഥകളും അനുസരിച്ച്, പരിഹാര വനവൽക്കരണത്തിനായി ലഭ്യമാകുന്ന ഭൂമി റിസർവ്വ് വനമായി വിജ്ഞാപനം ചെയ്യേണ്ടതാണ്. ജൈവവൈവിധ്യത്താൽ സമ്പന്നമായതും വിവിധയിനം വൃക്ഷങ്ങളും കുറ്റിച്ചെടികളും ഉള്ളതും പക്ഷികളുടെയും തുമ്പികളുടെയും ഉരഗങ്ങളുടെയും ചെറുജീവികളുടെയും ആവാസവ്യവസ്ഥയുമായ പ്രസ്തുത ഭൂമി ഉചിതമായ നിയമ നടപടികളിലൂടെ സംരക്ഷിക്കപ്പെട്ടില്ലെങ്കിൽ ആവാസവ്യവസ്ഥക്ക് നികത്താനാവാത്ത നഷ്ടത്തിനിടയാക്കും. ആയതിനാൽ മേല്പറഞ്ഞ 1.5 ഹെക്ടർ ഭൂമി 1961 -ലെ കേരള വന ആക്റ്റിന്റെ ( 1962 -ലെ 4) 4-ാം വകുപ്പ് പ്രകാരം ' ആനയിറങ്കൽ റിസർവ്വ് ' എന്ന പേരിൽ ഒരു റിസർവ്വ് വനമായി പ്രഖ്യാപിക്കേണ്ടത് ആവശ്യമാണെന്ന് സർക്കാർ കരുതുന്നു.

മേല്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

GOVERNMENT OF KERALA
Forest and Wildlife (C) Department

NOTIFICATION

G.O. (P) No. 04/2024/**F&WLD**. *Thiruvananthapuram*, *27th February, 2024*

*14th Kumbham, 1199.*

**S. R. O. No. 321/2024**

In exercise of the powers conferred by section 4 of the Kerala Forest Act, 1961 (Act 4 of 1962), the Government of Kerala hereby, –

(a) declare that it is proposed to constitute the land within the boundaries specified in the Schedule attached below as a Reserved Forest by name 'Anayirangal Reserve';

(b) appoint the Sub Collector, Devikulam , ex- officio, to be the Forest settlement Officer, in regard to the land within the boundaries specified in the Schedule to this notification,to inquire into and determine the existence, nature and extent of any rights claimed, by or alleged to exist in favour of any person, in or over any land comprised within such boundaries, or to any forest produce of such land to deal with the same as provided in the said Act; and

(c) appoint the Divisional Forest Officer, Munnar Division, ex-officio, to attend on behalf of the Government at any Enquiry under Chapter II of the said Act held by the Forest Settlement Officer, appointed in this behalf.

By Order of the Governor,

K.R.JYOTHILAL,
*Additional Chief Secretary to Government.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

SCHEDULE

| District | Taluk | Village | Name of Forest Division | Name of Forest Range | Survey. No | Re-survey No. | Block No. | Extent (in Hectares) | Boundaries | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | North | East | South | West |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) |
| Idukki | Udumbanchola | Chinnakkanal | Munnar | Devikulam | Previous Survey Number 20/1pt | 105pt | 8 | 1.5 | Government puramboke Land ( Recomended land to Forest Department, in lieu of the Forest land handed over to KSEB for Thottiyar project ) | Government puramboke land | Government puramboke land ( Recommended land to Forest Department, in lieu of the Forest land handed over to NPOL) | Government puramboke land |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

The land specified in the schedule to the notification having an extent of 1.5 hectres in Survey No. 20/1, which falls under the jurisdiction of Chinnakkanal Village, Udumbanchola Taluk of Devikulam Forest Range under Munnar Forest Division in Idukki District is the land which was handed over to Forest Department for compensatory afforestation vide G.O (MS) No. 128/2022/RD dated 13th May, 2022 of Revenue (A) Department in lieu of forest land handed over for the widening of National Highway 85 Munnar- Bodemettu road . As per the existing guidelines issued under the Forest ( Conservation) Act, 1980 ( Central Act 69 of 1980) and as per the provisions of G.O(Rt). No. 421/2017/F &WLD dated 6th November , 2017 of Forest & Wildlife (C) Department, all lands received for compensatory afforestation shall be notified as Reserved Forest. The said land having rich biodiversity with various species of trees and shrubs and which is the habitat of birds, odonates, reptiles and small animals, if not protected through appropriate legal measures, will cause irreperable damage to the ecosystem. Hence, the Government finds it necessary to declare the above area of 1.5 hectares as a Reserved Forest named "Anayirangal Reserve" under section 4 of the Kerala Forest Act, 1961 ( 4 of 1962).

The notification is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/